Mathrubhumi 01.11.17

# അക്കായ് ബെറി

രാജേഷ് കാരാപ്പള്ളിൽ

'അക്കായ് ബെറി' എന്ന ബ്രസീലിയൻ സസ്യം കേരളത്തിലുമെത്തി. കവുങ്ങിന്റെ ബന്ധുവായ ഇവ ഒറ്റത്തടിയായി കാണപ്പെടുന്നുവെങ്കിലും ചുവട്ടിൽനിന്ന് മുളകൾ ഉണ്ടായി കൂട്ടമായും വളരാറുണ്ട്. ഓലയും പാളയുമെല്ലാം ചേർന്ന് ചെറു പനപോലെ മനോഹരമായിട്ടാണ് വളർച്ച. കായ്കൾ കുലകളായാണ് ഉണ്ടാവുക. ഒരു കുലയിൽത്തന്നെ നൂറുകണക്കിന് പഴങ്ങൾ കാണാം.

വർഷം മുഴുവൻ ഫലം തരുന്ന അക്കായ് ബെറി പഴങ്ങൾ ചെറുതും കറുപ്പുനിറമാർന്നതുമാണ്. മധുരവും സുഗന്ധവുമുള്ള പഴങ്ങൾ നേരിട്ട് കഴിക്കാം.

ബ്രസീലിലെ ആദിവാസികൾ ദിവ്യൗഷധവൃക്ഷമായാണ് അക്കായ് ബെറിയെ കരുതുന്നത്. അസായ് ബെറി എന്നും വിളിപ്പേരുള്ള ഇവയുടെ വിത്ത് മുളച്ചുവരുന്ന തൈകൾ വളർത്താൻ അനുയോജ്യമാണ്. സൂര്യപ്രകാശം ലഭിക്കുന്ന



നീർവാർച്ചയുള്ള മണ്ണാണ് അനുയോജ്യം. മണ്ണിൽ ജൈവ വളങ്ങൾ ചേർക്കുന്നതും വേനലിൽ ജലസേചനം ക്രമമായി നൽകുന്നതും വളർച്ചയെ സഹായിക്കും. നാലഞ്ചു വർഷംകൊണ്ട് ഇവ കായ്ഫലം തരും. അക്കായ് ബെറി പഴങ്ങൾ സംസ്കരിച്ചെടുക്കുന്ന സിറപ്പുകൾക്ക് നല്ല വില ലഭിക്കാറുള്ളതിനാൽ തോട്ടമടിസ്ഥാനമായുള്ള കൃഷിക്കും ഇവ അനുയോജ്യമാണ്.

(ഫോൺ: 9961849532.)